**103 (1321) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ**

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പത്തു കൊല്ലത്തിലധികം കാലം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരെത്ര പേരുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവർക്ക് ഏതൊക്കെ തീയതികളിൽ ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചു നൽകി എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തികളിൽ എത്രപേർക്ക് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദമുണ്ട്;

(സി) പത്തുവർഷത്തിലധികം കാലമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് പകരം കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദമുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നുപേർ.

1. വി. മാധാകൃഷ്ണൻ നായർ പേഴ്സണൽ അസിസ്റ്റന്റ് - 1.6.83 മുതൽ
2. എം. മധുസൂദനൻ നായർ, അറ്റൻഡർ - 2.7.84 മുതൽ
3. കെ. ശശിധരൻ നാടാർ, പ്യൂൺ - 9.12.85 മുതൽ

(ബി) ആർക്കും തന്നെ ഇല്ല.

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ സേവനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമില്ല.

**104 (1322) പിന്നോക്ക സമുദായങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ**

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും പിന്നോക്കസമുദായങ്ങൾക്കായി ഏതെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ഇതിനായി എത്ര തുക ലഭിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി ഏതെല്ലാം സ്ഥാപനങ്ങൾ ഈ തുക ഉപയോഗിച്ച് ആരംഭിച്ചു; നിലവിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകി; ഓരോ ഇനത്തിലും എത്ര;

(ഡി) ഈ പദ്ധതികൾക്കായി 1991-96 കാലഘട്ടത്തിൽ എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കാൻ കഴിഞ്ഞു;

(ഇ) ഈവർഷം ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം കിട്ടി?

LIBRARY ARCHIVES Kerala Legislative Assembly